വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) 'ടൂറിസം വിഷൻ-2025'-ൽ വിഭാവനം ചെയ്യുന്ന പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

(ബി & സി) ഇല്ല.

(ഡി) കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉല്പാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചുകൊണ്ടും അതുവഴി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വഴിയൊരുക്കിയും നാടിന്റെ നാനാമുഖമായ പുരോഗതിക്ക് ഉതകുന്നവിധമാണ് 'ടൂറിസം വിഷൻ-2025' വിഭാവനം ചെയ്തിട്ടുള്ളത്.

(ഇ) ഉണ്ട്. ഇത് കർശനമായി നിയന്ത്രിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സപ്ലൈ കോഡ് റഗുലേഷന്റെ ദോഷങ്ങൾ

*20 [457] ശ്രീ. രാജു എബ്രഹാം:

,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് റഗുലേഷനായ സപ്ലൈ കോഡ് പ്രകാരം ഇനി മുതൽ എല്ലാ വിഭാഗം അപേക്ഷകരും കണക്ഷൻ ലഭിക്കാൻ ആവശ്യമായ മുഴുവൻ ചെലവും ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിവെക്കേണ്ടതുണ്ടെന്നതും പ്രത്യേക മുൻഗണന എടുത്തുകളഞ്ഞിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കണക്ഷൻ ലഭിക്കാൻ അപേക്ഷകൻ കെട്ടിവെക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് തുടർന്നും പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 46 പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ആളുകളിൽനിന്നും വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ടി ലൈൻ, വൈദ്യുത പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന ന്യായമായ ചെലവുകൾ ഈടാക്കാൻ റഗുലേഷൻ വഴി ലൈസൻസികളെ അനുവദിക്കാൻ റഗുലേറ്ററി കമ്മീഷന് ചുമതലയുണ്ട്. ഈ വ്യവസ്ഥ കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണഗതിയിൽ അപേക്ഷ കൊടുത്തുകഴിഞ്ഞ് ഒരു മാസത്തിനകം കണക്ഷൻ നൽകേണ്ടതുണ്ട്. തുക കെട്ടിവയ്ക്കുന്ന തീയതിക്കനുസരിച്ചായിരിക്കും കണക്ഷൻ നൽകുന്നത്.

(ബി) സർവ്വീസ് കണക്ഷൻ നൽകുന്നതിന് ആവശ്യമായ ലൈനിന്റെ നീളം, പോസ്റ്റുകൾ, മറ്റ് സാധന സാമഗ്രികൾ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ ചെലവ് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(സി) 500 വാട്ടിൽ താഴെ കണക്ടഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും 1000 വാട്ടിൽ താഴെ കണക്ടഡ് ലോഡുള്ള പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെടുന്നവരെയും ലൈൻ എക്സ്റ്റൻഷൻ വേണ്ടാത്ത കണക്ഷനുകൾക്ക് കണക്ഷൻ ചെലവുകൾ അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കേന്ദ്ര സഹായം

*21 [458] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; ഇത് ഏതൊക്കെ ജില്ലകളിലാണെന്നറിയിക്കാമോ;

(സി) ഈ പ്രദേശങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഇ) ഇതിന് എത്രകോടി രൂപയുടെ സഹായം കേന്ദ്രത്തിൽനിന്ന് ലഭിക്കുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി) കേരളത്തിലെ പതിനാലു ജില്ലകളിലായി വൈദ്യുതി ലഭിക്കാത്ത 2700 ഗ്രാമപ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly